മാതൃഭൂമി

29 October 2016

# ആൻഡമാനിൽ കടൽപ്പായൽ കൃഷിക്ക് സഹായവുമായി സി.എം.എഫ്.ആർ.ഐ.

കൊച്ചി: ആൻഡമാൻ തിരങ്ങളിൽ വിപുലമായ രീതിയിൽ കടൽപ്പായൽ കൃഷിചെയ്യുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സി.എം.എഫ്.ആർ.ഐ.) സാങ്കേതിക സഹായം.

പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ ഒഴിവാക്കാനായി പവിഴപ്പുറ്റുകൾ ഇല്ലാത്ത തീരങ്ങളാണ് പായൽ കൃഷിക്ക് വേണ്ടി സി.എം.എഫ്.ആർ.ഐ. ശാസ്ത്രജ്ഞർ തിരഞ്ഞെടുത്തിരിക്കുന്നത്. ആൻഡമാൻ ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർക്ക് സി.എം.എഫ്.ആർ.ഐ. ശാസ്ത്രജ്ഞർ കൃഷിയുടെ വിവിധ രീതികൾ പരിചയപ്പെടുത്തുന്നതിന് പരിശീലനം നൽകി.